കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 11 | ഫെബ്രുവരി 29 2024

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക


അകത്താളുകളിൽ


2 മൃഗസംരക്ഷണ മേഖലയിൽ മൃഗാരോഗ്യ പ്രവർത്തകരെ നിയോഗിക്കും: മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി

4 'കൊക്കൊ ഡേ' ആഘോഷം

5 കാർഷിക കോളേജ് സുവർണ്ണ ജൂബിലിക്ക് പ്രൗഢോജ്വല തുടക്കം


## വിളപരിപാലന ശുപാർശകളുടെ പ്രകാശനവും അഗ്രി ഇന്നൊവേഷൻ – ഇൻക്യുബേഷൻ സെന്ററിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു



കൃഷിക്കാർക്കും കാർഷിക മേഖലയ്ക്കും നൽകിയ "മോഡി ഗ്യാരന്റി" തകർന്ന കാഴ്ചയാണ് കേന്ദ്രബഡ്ജറ്റിൽ കാണാനായതെന്ന് കൃഷി മന്ത്രി ശ്രീ. പി പ്രസാദ് പ്രസ്താവിച്ചു.

കാർഷിക മേഖല ഇപ്പോൾ അനുഭവിക്കുന്ന പ്രതിസന്ധികൾ ഒന്നും തന്നെ പരിഗണിക്കാതെ തയ്യാറാക്കിയ ബജറ്റാണ് ധനമന്ത്രി പാർലമെന്റിൽ അവതരിപ്പിച്ചത്. മോദി സർക്കാർ പലതവണയായി കർഷകർക്ക് നൽകിവന്ന വാഗ്ദാനങ്ങൾ എല്ലാം പാഴ് വാക്കുകളായി മാറി . കാർഷിക മേഖലയ്ക്ക് പ്രത്യേക പാക്കേജുകളോ, പ്രഖ്യാപനങ്ങളോ, പുതിയ പദ്ധതികളോ, വർധിപ്പിച്ച ബജറ്റ് വിഹിതങ്ങളോ ഈ വർഷത്തെ ബജറ്റിൽ ഉണ്ടായില്ല.

കാർഷിക വിളകളുടെ ഉത്പാദന ചിലവ് ഗണ്യമായി വർധിക്കുകയും. രാസവളത്തിന്റെ വില അമിതമായി വർധിച്ചു വരുകയും ചെയ്യുന്ന സാഹചര്യത്തിൽ രാസവള സബ്സിഡിയിനത്തിൽ 11,000 കോടിയാണ് വെട്ടിക്കുറച്ചിട്ടുള്ളത്. ഇത് കാർഷിക മേഖലയിൽ ഉണ്ടാക്കാവുന്ന ആഘാതം ഒട്ടും ചെറുതായിരിക്കില്ല.

ദേശീയ തലത്തിൽ കാർഷിക മേഖലയുടെ വളർച്ച നിരക്ക് കുറഞ്ഞു വരുന്ന പ്രവണത കണ്ടിട്ടും അതെല്ലാം മോദി സർക്കാർ അവഗണിക്കുകയാണ് . എല്ലാത്തവണത്തെയും പോലെ ഈ വർഷവും ബജറ്റിൽ തുക വകയിരുത്തിയ ശേഷം പുതുക്കിയ കണക്ക് അവതരിപ്പിക്കുന്ന അവസരത്തിൽ തുക വെട്ടിക്കുറയ്ക്കുന്ന രീതിയാണ് ഉണ്ടാവുക. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 2024ൽ പ്രസിദ്ധീകരിച്ച കണക്കനുസരിച്ച് കാർഷിക മേഖലയുടെ വളർച്ചാനിരക്ക് 2022-23 രണ്ടാം പാദത്തിൽ 2.5% ആയിരുന്നത് 2023-24 രണ്ടാം പാദത്തിൽ 1.2% ആയി കുറയുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. നാല് ശതമാനം പലിശക്ക് കാർഷിക വായ്പ കർഷകർക്ക് നൽകുന്ന പദ്ധതിക്ക് ബജറ്റിൽ 23,000 കോടി വകയിരുത്തിയിരുന്നത് പുതുക്കിയ ബജറ്റിൽ 18500 രൂപയാക്കി കുറച്ചു. ആർ.കെ.വി.വൈ പദ്ധതിക്ക് 2023- 24 ൽ 7150.35 കോടി വകയിരുത്തിയിരുന്നത് 6150.35 രൂപയാക്കി കുറച്ചു. ഈ വർഷം അത് 7553 കോടിയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെങ്കി


ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റന്റ് എഡിറ്റർ - വിഷ്ണു എസ്.പി.

ലും ഗണ്യമായ കുറവ് വരുത്തുമെന്നാണ് മുൻകാല അനുഭവങ്ങൾ നമ്മളെ പഠിപ്പിക്കുന്നത്. 10,000 FPO കളുടെ വികസനത്തിനായി കഴിഞ്ഞവർഷം 955 കോടി വകയിരുത്തിയത് ഈ വർഷം 581.67 കോടിയായി വെട്ടിച്ചുരുക്കി.

റബ്ബർ ബോർഡിന്റെ ഫണ്ട് 268.76 കോടിയിൽ നിന്നും 244.29 കോടിയായി വെട്ടിച്ചുരുക്കിയത് റബ്ബർ മേഖലയിലെ കർഷകരേയും, കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ വിഹിതം 39.13 കോടിയിൽ നിന്ന് 35 കോടിയാക്കി വെട്ടിച്ചുരുക്കിയത് നാളികേര കർഷകരേയും ഏറെ നിരാശപ്പെടുത്തിയിരിക്കുകയാണ്. കേന്ദ്ര സർക്കാർ കൊട്ടിഘോഷിക്കുന്ന പി എം കിസാൻ പദ്ധതിക്ക് യാതൊരു വിധ വർദ്ധനവും വരുത്തിയിട്ടില്ല .

കർഷകരെ ചേർത്ത് പിടിച്ച് കൊണ്ട് ലാൽ ബഹദൂർ ശാസ്ത്രി മുന്നോട്ട് വെച്ച ജയ് ജവാൻ, ജയ് കിസ്സാൻ എന്ന മുദ്രാവാക്യത്തോടൊപ്പം ചില പദങ്ങൾ ചേർത്ത്കൊണ്ട് കർഷകരെ കബളിപ്പിക്കാൻ കഴിയില്ല. അവർക്ക് വേണ്ടത് അന്തസ്സാർന്ന ജീവിതം നയിക്കുന്നതിനാവശ്യമായ സർക്കാർ കൈത്താങ്ങാണ്. അത് നൽകുന്നതിൽ കേന്ദ്ര സർക്കാർ വീണ്ടും പരാജയപ്പെട്ടിരിക്കുന്നു. കാർഷിക മേഖലയെ തീർത്തും അവഗണിക്കുന്ന നരേന്ദ്ര മോഡി സർക്കാരിനെതിരെ കർഷകർ പ്രതികരിക്കുക തന്നെ ചെയ്യുമെന്ന് കൃഷിമന്ത്രി ശ്രീ. പി പ്രസാദ് അഭിപ്രായപ്പെട്ടു.

# മൃഗസംരക്ഷണ മേഖലയിൽ മൃഗാരോഗ്യ പ്രവർത്തകരെ നിയോഗിക്കും: മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി



കേന്ദ്രസർക്കാറിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന മൃഗസംരക്ഷണ മേഖലയിലെ കർമസേനയായ എ ഹെൽപ്പ് പദ്ധതി കാര്യവട്ടം ഗ്രീൻ ഫീൽഡ് സ്റ്റേഡിയം കൺവെൻഷൻ സെൻററിൽ വച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

മാതൃകാപരമായ എ ഹെൽപ്പ് പദ്ധതി സംസ്ഥാനത്തിലെ എല്ലാ പഞ്ചായത്തിലും വ്യാപിപ്പിക്കുമെന്നും കുടുംബശ്രീ പ്രവർത്തകരുടെ ക്രിയാത്മക ഇടപെടലിലൂടെ മേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കാനാകുമെന്നും ചടങ്ങിൽ അധ്യക്ഷനായിരുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എംപി രാജേഷ് പറഞ്ഞു. എ ഹെൽപ്പ് പ്രവർത്തകർക്കുള്ള പരിശീലന കിറ്റിന്റെ ആദ്യ വിതരണവും അദ്ദേഹം നിർവഹിച്ചു.

കേരളത്തിൽ മൃഗസംരക്ഷണ വകുപ്പും കുടുംബശ്രീയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേന്ദ്രസർക്കാറിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ഈ പദ്ധതിയിലൂടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കർഷകരുടെ വീട്ടുപടിക്കലെത്തിക്കുന്നതിനും വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്തൊട്ടാകെ 2000 കുടുംബശ്രീ പ്രവർത്തകരെ പരിശീലനം നല്കി വില്ലേജ് തലത്തിൽ നിയമിക്കുക വഴി വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങളും രോഗപ്രതിരോധ ചികിത്സാ മാർഗ്ഗങ്ങളും വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള കർമ്മസേനയായി ഇവർ പ്രവർത്തിക്കും.

കർഷകർക്ക് ഉദ്യോഗസ്ഥ സംവിധാനത്തോട് കൂടുതൽ അടുത്തബന്ധം സ്ഥാപിക്കുവാനും പരമാവധി സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനം വഴിയൊരുക്കും. ഇതിനോടകം മൃഗസംരക്ഷണ വകുപ്പിലെ 40 ഡോക്ടർമാരും, കുടുംബശ്രീയിലെ 10 കോ ഓർഡിനേറ്റർമാരും (ആകെ 50 പേർ) ഗുജറാത്തിലെ NDDB യിൽ നിന്നും Master trainers ആയി പരിശീലനം നേടിയിട്ടുണ്ട്. നിലവിൽ 335 വനിതകൾ ഇതിനോടകം പശുസഖിമാരായി സർട്ടിഫിക്കേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. 16 ദിവസം നീണ്ടുനിൽക്കുന്ന പശു സഖിമാരുടെ പരിശീലനം നാളെ മുതൽ പേരൂർക്കട കേരള വെറ്ററിനറി കൗൺസിൽ ഹാളിൽ ആരംഭിക്കും.

ചടങ്ങിൽ കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് ജോയിൻറ് കമ്മീഷണർ ഡോ .രാജേന്ദ്ര ബംബൽ,മൃഗസംരക്ഷണ




വകുപ്പ് ഡയറക്ടർ ഡോ.എ കൗശികൻ ഐ എ എസ് , കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് ഐ എ എസ്, മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ.വിനുജി ഡി കെ, കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് അസിസ്റ്റൻറ് കമ്മീഷണർ ഡോ. സുലേഖ എസ്. എൽ എന്നിവർ പങ്കെടുത്തു.

1655 എ ഹെല്പ് പ്രവർത്തകർക്ക് കൂടി പരിശീലനം നൽകി പദ്ധതിയ്ക്കായി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണെന്ന് പദ്ധതിയുടെ നോഡൽ ഓഫീസറും കുടപ്പനക്കുന്ന് ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിങ് സെന്റർ പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ ഡോ.റെനി ജോസഫ് അറിയിച്ചു.

# അഗ്രി ഫിലിം ഫെസ്റ്റിവൽ 2023

## ഫാം ഇൻഫർമേഷൻ ബ്യൂറോയ്ക്ക് ദേശീയ പുരസ്കാരം




ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ മാനേജ്മെന്റ് (മാനേജ്) സംഘടിപ്പിച്ച അഗ്രി ഫിലിം ഫെസ്റ്റിവൽ 2023 ൽ ദേശീയ തലത്തിൽ സർക്കാർസ്ഥാപനങ്ങൾ നിർമ്മിച്ച മികച്ച ചിത്രത്തിനുള്ള പുരസ്കാരം സംസ്ഥാന കൃഷിവകുപ്പിന്റെ ഫാം ഇൻഫർമേഷൻ ബ്യൂറോ കരസ്ഥമാക്കി. 2023 ൽ എഫ്.ഐ.ബി. തയ്യാറാക്കിയ 'മണ്ണിൽ സ്വർണ്ണവും വിണ്ണിൽ സ്വപ്നവുമായി ഗീത' എന്ന ചിത്രത്തിനാണ് പുരസ്കാരം. ഫാം ഇൻഫർമേഷൻ ബ്യൂറോ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സി. എസ് അനിത ആണ് ചിത്രത്തിന്റെ സംവിധാനം നിർവ്വഹിച്ചത്. ഫെബ്രുവരി 22ന് ഹൈദരാബാദത്തിൽ വച്ചാണ് അവാർഡ് ചടങ്ങ്.



# 'കൊക്കൊ ഡേ'
# ആഘോഷം

കേരള കാർഷിക സർവ്വകലാശാലയുടെ തൃശ്ശൂർ വെള്ളാനിക്കരയിലുള്ള കൊക്കൊ ഗവേഷണ കേന്ദ്രവും കശുമാവ് കൊക്കൊ വികസന ഡയറക്ടറേറ്റ്, മൊണ്ടലിസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായി കൊക്കൊ ദിനം വെള്ളാനിക്കര കൊക്കോ ഗവേഷണ കേന്ദ്രത്തിൽ 2024 ഫെബ്രുവരി 19 ന് രാവിലെ 10 മണിക്ക് സംഘടിപ്പിക്കുന്നു. കേരള കാർഷിക സർവകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. മധു സുബ്രമണ്യൻ അവർകളുടെ അധ്യക്ഷതയിൽ നടക്കുന്ന "കൊക്കോ ഡേ "പരിപാടികൾ ബഹു .തൃശ്ശൂർ ജില്ലാ കളക്ടർ ശ്രീ .കൃഷ്ണ തേജ IAS അവർകൾ ഉദ്ഘാടനം ചെയ്യുന്നതാണ്. കുഫോസ് ബഹു. വൈസ് ചാൻസലർ ഡോ. പ്രദീപ് കുമാർ മുഖ്യ പ്രഭാഷണം നടത്തുന്നതാണ്.

1970ൽ ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടുകൂടി ആരംഭിച്ച കൊക്കൊ ഗവേഷണ പദ്ധതി 1987 മുതൽ കാഡ്ബറി (മൊണ്ടലിസ്) യുമായുള്ള സഹകരണ പദ്ധതിയായി മാറുകയും കഴിഞ്ഞ 36 വർഷമായി നടന്നു വരികയും ചെയ്യുന്നു. ഇന്ത്യയിൽ പബ്ലിക്- പ്രൈവറ്റ് സഹകരണത്തിൽ ഇത്രയും ദീർഘമായ ഒരു പദ്ധതി വേറെ ഇല്ല എന്നുള്ളത് ഇതിൻറെ പ്രാധാന്യത്തെ എടുത്തുകാണിക്കുന്നു. 23 രാജ്യങ്ങളിൽ നിന്നുള്ള കൊക്കൊ ഇനങ്ങൾ ഉൾപ്പെടെ ഏഷ്യയിലെ ഏറ്റവും വലിയ ജനിതക ശേഖരം ഇവിടെ പരിപാലിച്ചു വരുന്നു. ഇത്രയും ബൃഹത്തായ ജനിതക ശേഖരം ഈ ഗവേഷണ പദ്ധതിയുടെ അടിസ്ഥാന ശിലയായി പ്രവർത്തിക്കുന്നു. ഈ ബൃഹത്തായ ജനിതക ശേഖരം ഉപയോഗിച്ച് നമ്മുടെ കാലാവസ്ഥക്ക്



അനുയോജ്യമായ 15 അത്യുല്പാദന ശേഷിയുള്ള ഇനങ്ങൾ വികസിപ്പിച്ചെടുത്തു. ഇന്ന് ഇന്ത്യയിൽ വെച്ച് പിടിപ്പിച്ചിട്ടുള്ള 90 ശതമാനം തോട്ടങ്ങളിലും നമ്മുടെ ഇനങ്ങളാണ് ഉപയോഗിച്ചിട്ടുള്ളത് എന്നതാണ് ഈ ഗവേഷണ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടമായി കാണുന്നത്. കൂടാതെ കൊക്കൊ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് വേണ്ട സാങ്കേതിക വിദ്യ, പ്രാഥമിക സംസ്കരണം, ചെറുകിട രീതിയിൽ ചോക്ലേറ്റ് ഉൽപ്പാദനം എന്നിവ ഈ പദ്ധതിയുടെ ഭാഗമായി ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ അത്യുൽപ്പാദനശേഷിയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, കർഷകർക്കും സംരംഭകർക്കും സാങ്കേതിക വിദ്യ പകർന്ന് നൽകുന്നതിന് വേണ്ട പരിശീലന പരിപാടികൾ സെമിനാറുകൾ എന്നിവയും സംഘടിപ്പിച്ച വരുന്നു.

കൊക്കൊ കൃഷി ഇതുവരേയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലാണ് ചെയ്തു വരുന്നത്. എന്നാൽ വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ ഉൾപ്പെടെ കൊക്കൊ കൃഷി വ്യാപകമാകുന്ന സാഹചര്യത്തിൽ കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കാൻ കഴിവുള്ള ഇനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് വേണ്ട ഗവേഷണ പദ്ധതികൾ പുതിയതായി തുടങ്ങിയിട്ടുണ്ട്. അതിന് വേണ്ട പുതിയ സാങ്കതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ കൊക്കൊയുടെ വിവിധ രോഗങ്ങൾ കീടങ്ങൾ എന്നിവയെ പ്രതിരോധിക്കാൻ കഴിവുള്ള അത്യുൽപാദനശേഷിയുള്ള 6 ഇനങ്ങൾ പുറത്തിറക്കാൻ തയ്യാറായിട്ടുണ്ട്. അങ്ങനെ കൊക്കൊ കൃഷി നേരിടുന്ന ഏത് വെല്ലു വിളികളേയും ശാസ്ത്രീയമായി നേരിടാനുള്ള വിഭവ ശേഷിയും ഗവേഷണ അടിത്തറയും ദീർഘ കാലത്തെ ഗവേഷണത്തിലൂടെ ഈ കേന്ദ്രത്തിന് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ലോകത്ത് മറ്റ് ഗവേഷണ കേന്ദ്രങ്ങളോട് കിടപിടിക്കുന്ന ഗവേഷണ ഫലങ്ങൾ വികസിപ്പിച്ചെടുക്കാനും ലോകശ്രദ്ധ ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്.

ഇന്ത്യയിൽ ചോക്ലേറ്റ്, കൊക്കൊ അധിഷ്ഠിത ഉൽപ്പന്നങ്ങൾ ഇവയുടെ ഉപയോഗം പ്രതിവർഷം 15 - 20 ശതമാനം വർദ്ധനവ് ഉണ്ടാകുന്നുണ്ട്. നമ്മുടെ ആഭ്യന്തര ഉൽപാദനം ഉപയോഗത്തിൻറെ 30 ശതമാനം മാത്രമാണ്. പ്രതിവർഷം 1,30,000 ടൺ കൊക്കൊ കുരു വേണ്ടിടത്ത് 30000 ടൺ മാത്രമാണ് ഉൽപ്പാദനം. കഴിഞ്ഞ കുറെ വർഷങ്ങളുടെ കണക്ക് എടുത്താൽ വിലയിൽ വലിയ ഏറ്റ കുറച്ചിലുകൾ കാണുന്നില്ല. എന്നാൽ ഈ വർഷം അന്താരാഷ്ട്ര വിപണിയിൽ ഉണക്കകുരുവിൻറെ വില 500 രൂപ എത്തിയിട്ടുണ്ട് .ഇതിന് ആനുപാതികമായി ഇന്ത്യൻ വിപണിയിലും വില വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് തന്നെ ഒരു ഇട വിളയായി കൃഷി ചെയ്യാൻ പറ്റുന്ന, തണൽ ഇഷ്ടപ്പെടുന്ന കൊക്കൊ കൃഷിക്ക് ഇൻഡ്യയിൽ സാദ്ധ്യതകൾ ഏറെയാണ്.

# കാർഷിക കോളേജ് സുവർണ്ണ ജൂബിലിക്ക് പ്രൗഢോജ്വല തുടക്കം

വെള്ളാനിക്കര കാർഷിക കോളേജിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ ബഹു. കാർഷിക സർവ്വകലാശാല വൈസ് ചാൻസലറും കാർഷികോദ്പാദന കമ്മീഷണറുമായ ഡോ. ബി. അശോക് ഐ. എ. എസ് നിർവ്വഹിച്ചു. കാർഷിക മേഖലക്ക് കാർഷിക കോളേജ് നൽകിയ നിസ്തുലമായ സംഭാവനകളെ പ്രകീർത്തിച്ച വൈസ് ചാൻസലർ, സാങ്കേതിക വിദ്യയിൽ വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് കൊണ്ട് ഭാവിയിലേക്ക് വേണ്ട സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുക്കാൻ കാർഷിക സർവ്വകലാശാല അംഗങ്ങളെ ആഹ്വാനം ചെയ്തു.

കാർഷിക കോളേജ് ഡീൻ ഡോ. മണി ചെല്ലപ്പൻ അധ്യക്ഷത വഹിച്ച



ചടങ്ങിന് സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ കൺവീനർ ഡോ. ബി. അജിത് കുമാർ സ്വാഗതം ആശംസിച്ചു.

കാർഷിക കോളേജിൽ സ്തുത്യർഹമായ സേവനമർപ്പിച്ച മുതിർന്ന അധ്യാപകരെയും, ജീവനക്കാരെയും, തൊഴിലാളികളെയും ചടങ്ങിൽ ആദരിച്ചു. മികച്ച നേട്ടങ്ങൾ കൈവരിച്ച വിദ്യാർത്ഥികൾക്കുള്ള അച്ചീവേഴ്സ് അവാർഡ് ബാങ്ക് ഓഫ് ബറോഡ ജനറൽ മാനേജർ ശ്രീ ശ്രീജിത്ത് കൊട്ടാരത്തിൽ വിതരണം ചെയ്തു.

കാർഷിക സർവ്വകലാശാല ജനറൽ കൌൺസിൽ അംഗങ്ങളായ ഡോ. സുരേഷ്കുമാർ പി. കെ, ശ്രീ. ബാസിൽ എൻ. കെ., ഗവേഷണ വിഭാഗം മേധാവി ഡോ. മധു സുബ്രഹ്മണ്യം, വിദ്യാഭ്യാസ വിഭാഗം മേധാവി ഡോ. എസ് ഗോപകുമാർ, അലുംനി അസോസിയേഷൻ പ്രസിഡന്റ് ഡോ. എം. സി. നാരായണൻകുട്ടി എന്നിവർ



ചടങ്ങിന് ആശംസകൾ അർപ്പിച്ചു. ചടങ്ങിന് പ്രോഗ്രാം കമ്മിറ്റി ചെയർപേഴ്സൺ ഡോ. ചിത്ര പാറയിൽ നന്ദി പ്രകാശിപ്പിച്ചു.

സുവർണ്ണ ജൂബിലിയുമായി ബന്ധപ്പെട്ട സെമിനാറുകളുടെയും പ്രദർശനത്തിന്റെയും ഉദ്ഘാടനം കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. മധു സുബ്രഹ്മണ്യം നിർവ്വഹിച്ചു. ആദ്യ സെമിനാർ 'ദൈനംദിന ജീവിതത്തിൽ നിർമ്മിത ബുദ്ധിയുടെ പങ്ക്' എന്ന വിഷയത്തിൽ ശ്രീ. സുനിൽ പ്രഭാകർ നിർവ്വഹിച്ചു.

ഫെബ്രുവരി 18 വരെ നീണ്ടു നിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷങ്ങൾ വിവിധ വിഷയങ്ങളിലുള്ള സെമിനാറുകളും, കാർഷിക സർവ്വകലാശാല സാങ്കേതിക വിദ്യകളുടെ പ്രദർശനവും, കലാസന്ധ്യകളും, അലുംനി മീറ്റും ക്രമീകരിച്ചിട്ടുണ്ട്.

# അഗ്രി ടൂറിസം ഏറെ സാധ്യതകൾ ഉള്ള മേഖല: മന്ത്രി ശ്രീ. കെ. രാജൻ

കാർഷിക ടൂറിസം ഏറെ സാധ്യതകൾ ഉള്ള മേഖലയാണെന്നും അത് ഉപയോഗപ്പെടുത്താൻ കർഷകരും സംരംഭകരും മുന്നോട്ടുവരണമെന്നും റവന്യൂ മന്ത്രി ശ്രീ കെ. രാജൻ ആവശ്യപ്പെട്ടു.വെള്ളായണി മുതൽ മഞ്ചേശ്വരം വരെയുള്ള സർവ്വകലാശാല കേന്ദ്രങ്ങളിലെ ഗവേഷണ നേട്ടങ്ങളും വിവിധ വിളകളുടെ കൃഷിരീതികളും കർഷകർക്കു മുന്നിൽ പ്രദർശിപ്പിക്കുവാനുള്ള ഒരു കേന്ദ്രം സർവ്വകലാശാലയിൽ ആരംഭിക്കുമെന്നും അദ്ദേഹം പറഞ്ഞു. കാർഷിക സർവകലാശാല ഇൻസ്ട്രക്ഷണൽ ഫാമിൽ പുതുതായി നിർമ്മിച്ച ഫാം ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോ.ബി.അശോക് ഐഎഎസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇൻസ്ട്രക്ഷണൽ ഫാമിൽ



നടപ്പാക്കുന്ന ഇൻഫർമേറ്റീവ് അഗ്രി ടൂറിസം പദ്ധതിയുടെ പ്രൊപ്പോസൽ അവതരണവും നടന്നു. ചടങ്ങിൽ സർവകലാശാല കാർഷിക കോളേജ് ഡീൻ ഡോ.മണി ചെല്ലപ്പൻ, രജിസ്ട്രാർ ഡോ പി.ഒ.നമീർ, കംപ്ട്രോളർ ശ്രീ.മദൻകുമാർ, വിജ്ഞാനവ്യാപന വിഭാഗം മേധാവി ഡോ.ജേക്കബ് ജോൺ ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാൻറ് ശ്രീ. സുരേഷ്കുമാർ ടി.എൻ അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ഡോ.എ.ലത തുടങ്ങിയവർ പങ്കെടുത്തു.



# വെള്ളാനിക്കര കാർഷിക കോളേജ് സുവർണ്ണ ജൂബിലിക്ക് സമാപനം

അഞ്ച് ദിവസം നീണ്ടു നിന്ന വെള്ളാനിക്കര കാർഷിക കോളേജ് സുവർണ്ണ ജൂബിലി സമാപന സമ്മേളനം ബഹു. റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ നിർവ്വഹിച്ചു. കഴിഞ്ഞ അമ്പത് വർഷക്കാലം കൊണ്ട് കാർഷിക കേരളത്തിന് ഈ കോളേജിന്റെ സംഭാവനകളെ എടുത്ത് പറഞ്ഞ അദ്ദേഹം കാർഷിക മേഖലയുടെ നിലനിൽപിന് വേണ്ടി കർഷകർക്ക് കൈത്താങ്ങാകാൻ വരുന്ന വർഷങ്ങളിൽ കോളേജിന് കഴിയണമെന്ന് ആഹ്വാനം ചെയ്തു. മാറുന്ന കാലാവസ്ഥക്ക് അനുസൃതമായ സാങ്കേതിക വിദ്യകൾ വികസിപ്പിക്കാൻ കാർഷിക സർവ്വകലാശാലയ്ക്ക് കഴിഞ്ഞെങ്കിൽ മാത്രമേ വരും വർഷങ്ങളിൽ കാർഷിക മേഖലക്ക് മുന്നേറാൻ സാധിക്കൂ എന്നദ്ദേഹം പറഞ്ഞു.

കാർഷിക കോളേജ് ഡീൻ ഡോ. മാണി ചെല്ലപ്പൻ അധ്യക്ഷത



വഹിച്ച ചടങ്ങിൽ മാടക്കത്തറ ഗ്രാമ പഞ്ചായത്ത് മെമ്പർ ശ്രീ. ഷിനോജ് എം. എസ്., കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. പി. ഓ. നമീർ, ഗവേഷണ വിഭാഗം മേധാവി ഡോ. മധു സുബ്രഹ്മണ്യം, ശ്രീ മുഹമ്മദ് ഇസ്മായിൽ, ശ്രീ. പി. കെ ഉമ്മർ, ഡോ. ഗ്ളീന മേരി സി. എഫ്., ശ്രീ. വി. ഓ. ജോയ്, ശ്രീ. മോഹൻ ചന്ദ്രൻ, ശ്രീ. റമീസ് പി. എന്നിവർ പ്രസംഗിച്ചു.

സമാപന സമ്മേളനത്തിന്റെ ഭാഗമായി കാർഷിക കോളേജ് ഹോസ്റ്റലിൽ ദീർഘകാലം സേവനമനുഷ്ഠിച്ച ജീവനക്കാരെ ബഹു. മന്ത്രി ആദരിച്ചു. ഗോൾഡൻ ജൂബിലിയുടെ ഭാഗമായി നടന്ന വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

ഗോൾഡൻ ജൂബിലിയുടെ ഭാഗമായി അലുംനി മീറ്റും, അലുംനി സ്പോർട്സ് മീറ്റും സംഘടിപ്പിച്ചു. അലുംനി അസോസിയേഷന്റെ പുതിയ ഭാരവാഹികളായി ഡോ. പി. സുരേഷ്കുമാറിനെ പ്രസിഡന്റായും ഡോ. വിദ്യ സി. വി. യെ സെക്രട്ടറിയായും തിരഞ്ഞെടുത്തു.

# വിളപ്പിൽ തണ്ണിമത്തൻ വിളവെടുപ്പ്





ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh